പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3163 10.05.2017 ൽ മറുപടിയ്ക്ക്

## വാതിൽപ്പടി അരി വിതരണം പദ്ധതി

ചോദ്യം

ശ്രീ. സി. ദിവാകരൻ :

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ)<br><br><br><br><br>(ബി) | സംസ്ഥാനത്ത് വാതിൽപ്പടി അരി വിതരണം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;<br><br>ഇല്ലെങ്കിൽ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഈ സംവിധാനം കൊല്ലം ജില്ലയിൽ 2017 മാർച്ചിൽ പൈലറ്റ് പ്രോജക്ടായി ആരംഭിച്ചു കഴിഞ്ഞു. തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മെയ് മാസത്തിൽ ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിൽ ജൂൺ മാസം മുതൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പദ്ധതിയുടെ വിശദാംശങ്ങളും പദ്ധതിയിലുൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും വ്യക്തമാക്കുമോ? | (സി) | ഭക്ഷ്യ ഭദ്രതാ പദ്ധതി -2013 അനുസരിച്ച് റേഷൻ ഭക്ഷ്യ ധാന്യങ്ങൾ (അരി, ഗോതമ്പ്) എഫ്.സി.ഐ./സി.എം.ആർ മില്ലുകളിൽ നിന്നും വിട്ടെടുത്ത് സംസ്ഥാനത്തുടനീളമുള്ള ഇൻറർമീഡിയറി ഗോഡൗണുകളിൽ ശേഖരിച്ച് എല്ലാ റേഷൻ കടകളിലും നേരിട്ട് എത്തിക്കുന്നതാണ്. ഭക്ഷ്യഭദ്രതാ പദ്ധതി – 2013 പ്രകാരം വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി വാതിൽപ്പടി വിതരണം ആരംഭിച്ചിട്ടുള്ള ജില്ലകളിൽ ഭക്ഷ്യ ധാന്യങ്ങൾ ഗോഡൗണിൽ ശേഖരിക്കുകയും, സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ലഭിക്കുന്ന വിഹിതം (അലോട്ട്മെൻറ്) അനുസരിച്ച് റേഷൻ ചില്ലറ വ്യാപാരികൾക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ